9 കഥകൾ

5 കവിതകൾ

# കുങ്കുമം

ആഗസ്റ്റ് 2017

വില 15 രൂപ

## വർത്തമാനകാല ബാങ്കിംഗും സാധാരണ ജനങ്ങളും




## ജനിതകമാറ്റം വരുത്തിയ കടുകും വളരുന്ന സാങ്കേതിക വിപ്ലവവും

## രതിതിരകളുയർത്തുന്ന

കഥ

ശിവദാസൻ എ.കെ.

# മരച്ചുവട്ടിലെ തണുപ്പ്



മരച്ചുവട്ടിലെ തണുപ്പിലേക്ക് ആദ്യം വന്നത് ഒരു പാമ്പാണ്.

ആ തണുപ്പ് മരണത്തിന്റേതാണെന്ന് ആദ്യം തിരിച്ചറിഞ്ഞതോ, വെള്ളത്തിലും കരയിലും ജീവിക്കാൻ കഴിവുതന്ന ദൈവത്തെ ശപിച്ചൊരു പച്ചത്തവളയും.

പാമ്പ് കരിങ്കറുപ്പുനിറവും അഞ്ചരയടി നീളവുമുള്ള ലക്ഷണമൊത്തൊരു മൂർഖനായിരുന്നു. അവന്റെ കണ്ണിന് മുന്നിലൂടെയാണ് പുഴയിൽ നീന്തിമടുത്ത ആ പച്ചത്തവള ഒന്ന് കാറ്റുകൊള്ളാൻ തണലിലേക്ക് കയറിയത്.

മരം നിൽക്കുന്നതിനോരത്തുകൂടിയാണ് പുഴ ഒഴുകിയിരുന്നത്. കുറച്ചപ്പുറം പുഴക്കിഷ്ടമല്ലാത്ത റെയിൽവേപ്പാലമാണ്. തോന്നുമ്പോഴെല്ലാം സമയമോ സന്ദർഭമോ നോക്കാതെ തന്റെ ദേഹത്തേക്ക് മലവും മൂത്രവും വിസർജ്ജിച്ചിരുന്ന ആ പാലത്തെ ആവതുള്ള കാലത്ത് പുഴ ഒത്തിരി ചെറുത്തതാണ്. കുന്നും മലയുമിളക്കി സംഹാരരുദ്രയായി പല പ്രാവശ്യം അവളതിനെപിടിച്ചുകുലുക്കിയിട്ടുണ്ട്. തിരിമുറിയാ മഴയുടെ കൂട്ടുപിടിച്ച് പാളത്തിൽ കയറി നൃത്തംചവിട്ടി കൂകിപ്പായുന്ന തീവണ്ടികളെ ഇരുപുറവും നിശ്ചേഷ്ടരാക്കി നിർത്തിയിട്ടുണ്ടവൾ. എന്തൊക്കെ ഭീഷണി മുഴക്കിയിട്ടും പാലം അങ്ങനെ തന്നെ നിന്നു. ഇപ്പോൾ പുഴയ്ക്ക് ഒന്നിനും വയ്യാതായിരിക്കുന്നു.

പുഴയിലേക്ക് വേരൂന്നിയാണ് മരവും വളർന്നത്. ആകാശം കരിങ്കറുപ്പുമുടിയഴിച്ചിട്ടാർത്തലച്ചു പെയ്യുമ്പോൾ തന്റെ പേശീബലം കൊണ്ട് മഴവെള്ളത്തെ ചെറുത്ത് മരം തലയുയർത്തിനിന്നു. കാറ്റിൽനിന്നും വെയിലിൽനിന്നുമെല്ലാം മരം സംരക്ഷിച്ചിരുന്ന കുറെ കുറ്റിച്ചെടികൾ അതിന്റെ സിൽബന്ധികളായി താഴെ തലയാട്ടി നിൽപ്പുണ്ടായിരുന്നു.

മരത്തിനുചുവട്ടിലെപ്പോഴും തണുപ്പായിരുന്നു. അവിടെ പരന്നുപോയൊരു പാറയിൽ വിശ്രമിക്കാനെത്തിയ രണ്ടാമത്തെ അതിഥി 'ആന്റപ്പനാണ്.'

പരുപരുത്ത പാറയിൽ നീണ്ടുനിവർന്നു കിടന്ന് അവൻ പുഴക്കടവിലേക്ക് നോക്കി. അവിടെ നാട്ടുകാരി വിലാസിനി മുങ്ങിത്തുടിച്ചുകൊണ്ടിരുന്നു. വീട്ടിലെ പണിയെല്ലാമൊതുക്കി തുണി തിരുമ്പലും കഴിഞ്ഞ് വിലാസിനിക്ക് പതിവുള്ളതാണാ ഉച്ചക്കുളി.

മാറൊപ്പം ഉയർത്തിക്കെട്ടിയ വെള്ളത്തുണിക്കുള്ളിൽ മധ്യവയസ്സിന്റെ



# അഗ്നിപർവ്വതാതിശയം

**ലോ**കത്തിലെ സപ്താതിശയങ്ങൾ ഏവർക്കും അറിവുള്ളതാണ്. ഇതുകൂടാതെ മറ്റൊരു അതിശയം കൂടിയുണ്ട്. അത് ന്യൂസിലന്റിലാണ്. ഇവിടെയാണ് 'മൗണ്ട്ടാറവേറ' എന്ന അഗ്നിപർവ്വതം സ്ഥിതിചെയ്യുന്നത്. 130 വർഷംമുമ്പ് ഈ അഗ്നിപർവ്വതത്തിന് സ്ഫോടനം സംഭവിച്ചതിനാൽ അവിടെ മുഴുവനും വെള്ളമണ്ണിനൊപ്പം ചാരവും കലർന്നിരിക്കുന്നു. ഈ പ്രത്യേകതതന്നെയാണ് അനേകം വിനോദസഞ്ചാരികളെ ആകർഷിക്കുന്നതും. വ്യത്യസ്തവും ആകർഷകവുമായ രൂപരേഖയിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം അടുത്തുതന്നെ ലോകാതിശയപട്ടികയിൽ ഇടം പിടിക്കുമെന്ന് വിശ്വസിക്കപ്പെടുന്നു.

മുഴുവൻ ഭംഗിയും തുള്ളിത്തുളുമ്പുന്നു. പക്ഷേ അവന്റെ കണ്ണുകൾ ഒരിടത്തുമാത്രം ഉടക്കിനിന്നു. അരക്കെട്ടിനെപുണർന്ന് ഒളിഞ്ഞുകിടന്നൊരു അരഞ്ഞാണത്തെ. അത് സ്വർണ്ണമോ, വെള്ളിയോ എന്ന് വെളിവാക്കാൻ ആ വെള്ളത്തുണി ഒട്ടും സമ്മതിക്കുന്നുണ്ടായിരുന്നില്ല.

വേദോപദേശക്ലാസിൽ പാഠങ്ങൾ പഠിക്കാത്തതിന് പലതവണ തല്ലുകിട്ടി ദൈവത്തെ വെറുത്ത് സാത്താന്റെ പക്ഷം ചേർന്ന ഒരു കള്ളനായിരുന്നു ആന്റപ്പൻ.

ആന്റപ്പൻ പാമ്പിനെകണ്ടിരുന്നില്ല. പച്ചത്തവളയുടെ ദൗർഭാഗ്യത്താൽ പശിയടക്കി ഒന്ന് മയങ്ങിയുണരുമ്പോഴാണ് പാമ്പ് ആന്റപ്പനെകണ്ടത്. തനിക്ക് പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ലാത്തതുകൊണ്ട് അത് ആന്റപ്പനെഅവഗണിക്കുകയാണ് ആദ്യം ചെയ്തത്.

മൂന്നാമത് വന്നത് ഒരു പ്രേതമായിരുന്നു. നാലുകൊല്ലംമുമ്പ് റെയിൽപാളത്തിൽ തലവെച്ചുമരിച്ച നാരായണേട്ടന്റെ പ്രേതം.

അതൊരു സാധാരണ പ്രേതമായിരുന്നു. കറുത്ത പട്ടിയോ, പൂച്ചയോ അകമ്പടി ഉണ്ടായിരുന്നില്ല. ഇടിവെട്ടോ, കൊടുങ്കാറ്റോ പേമാരിയോ ഉണ്ടായില്ല. എന്തിന് തൂവെള്ള ഷർട്ടോ മുണ്ടോ പോലും ഇല്ലായിരുന്നു.

അതിന് അതേ രൂപമായിരുന്നു. നാലുകൊല്ലം മുമ്പ് നാരായണേട്ടൻ മരിച്ചപ്പോഴത്തെ അതേരൂപം. മുറിക്കയ്യൻ ഷർട്ടും കൈലിയും വേഷം. കുറ്റിരോമങ്ങൾ നിറഞ്ഞ മുഖം. അവിടെ മരിക്കുമ്പോഴുണ്ടായിരുന്ന അതേഭാവം. കഴുത്ത് മുറിഞ്ഞുതന്നെയിരുന്നു. കൗശലപൂർവ്വം കഴുത്ത് മുറിക്കാൻ പഠിക്കാത്ത തീവണ്ടിചക്രങ്ങൾ കുറെ മാംസം തോണ്ടിയെടുത്തിരുന്നു. അതൊഴികെ എല്ലാം അങ്ങനെതന്നെ. കീശയിൽ ബാക്കിയായിരുന്ന നാലഞ്ച് കാജാബീഡിപോലും കേടുകൂടാതുണ്ട്.

നാരായണേട്ടൻ ആന്റപ്പന്റെ തലയ്ക്കൽ വന്ന് മുരടനക്കി. ആരും വരാത്ത തന്റെ ഒളിത്താവളത്തിലേക്ക് കടന്നുകയറിയതാരെന്ന ഈർഷ്യയോടെ അവൻ കണ്ണുതുറന്നു. തൊട്ടുമുമ്പിൽവന്ന ആളെക്കണ്ട് അവൻ ശരിക്കും ഞെട്ടി. എങ്കിലും മനസ്സാന്നിദ്ധ്യം വീണ്ടെടുത്ത് സന്ദർഭത്തോടിണങ്ങാൻതുടങ്ങി. നാരായണേട്ടൻ, തന്നെ കാണാൻതന്നെയാണ് വന്നത് എന്ന് അവനുറപ്പുണ്ടായിരുന്നു. കാരണം ഇന്നലെയായിരുന്നു അവന്റെ ഒരു കേസിലെ കോടതിവിധി. ഒരു വീട്ടിൽകയറി വിവാഹത്തിന് നാലുനാൾ മുമ്പ് സ്വർണ്ണാഭരണങ്ങൾ മോഷ്ടിച്ചെന്നും വധുവാകാനിരുന്ന പെൺകുട്ടിയെ തലയ്ക്കടിച്ചുവീഴ്ത്തിയെന്നുമായിരുന്നു കേസ്. ആ പെൺകുട്ടിയെ അവനിപ്പോഴും നല്ല ഓർമ്മയുണ്ട്. പാളത്തിൽ തലവെച്ചുമരിച്ച നാരായണേട്ടന്റെ ഏകമകളായിരുന്നു സുജാത.

തലയ്ക്കടിയേറ്റ് ബോധമറ്റ സുജാത അഞ്ചുദിവസം ആശുപത്രിയിൽ കിടന്നു. ഒരുതരിപോലും ബാക്കിവെയ്ക്കാതെ കവർന്നെടുത്ത സ്വർണ്ണത്തെക്കാളും മുടങ്ങിപ്പോയ വിവാഹത്തേക്കാളും സങ്കടപ്പെട്ട് അവളൊന്ന് കണ്ണുതുറക്കുന്നത് കാണാൻ അയാളും ഭാര്യ പത്മാക്ഷിയും സർക്കാരാശുപത്രിയുടെ വരാന്തയിൽ കാത്തിരുന്നു. അവൾ കണ്ണുതുറന്നാൽ പറഞ്ഞേൽപ്പിക്കാൻ പറഞ്ഞ് പോലീസു

കാർ വന്നുപോയിരുന്നു. വലിച്ചെടുത്ത കമ്മലുകൾ ദാക്ഷണ്യമില്ലാതെ കീറിയ അവളുടെ കാതുകൾ തുന്നിച്ചേർത്തിരുന്നു. വിവാഹമോതിരമണിഞ്ഞ വിരൽ ഒടിഞ്ഞുതൂങ്ങിയിരുന്നു. നാണിച്ചു ചുവന്നിരിക്കേണ്ട കവിളുകൾ ചോരവറ്റി നീലിച്ചിരുന്നു. അഞ്ചാമത്തെ ദിവസം വൈകിട്ടാണ് സുജാത മരിച്ചത്. അന്ന് പത്മാക്ഷിയമ്മ തളർന്നുവീണു. അവരും ബോധമില്ലാതെ അതേ ആശുപത്രിയിൽ മൂന്നുദിവസം കിടന്നു. പത്മാക്ഷിയമ്മ മരിച്ചതിന്റെ പിറ്റേന്നാണ് നാരായണേട്ടൻ തീവണ്ടിക്ക് തലവെച്ചത്.

ആന്റപ്പനെപിടിച്ചത് സാഹചര്യത്തെളിവുകൾ വെച്ചായിരുന്നു. നാലുവർഷം പൊടിപിടിച്ചുനീങ്ങിയ നിയമയുദ്ധം ഇന്നലെയാണ് അവസാനിച്ചത്. സുജാതയ്ക്കുവേണ്ടി വാദിക്കാനെത്തിയ സർക്കാർ വക്കീൽ ഇടയ്ക്കിടെ കോട്ടുവായിട്ടും അലക്ഷ്യമായി കയ്യിലിരുന്ന പേപ്പറുകൾ മറിച്ചുനോക്കിയും തന്റെ വിരസത പ്രകടമാക്കിക്കൊണ്ടിരുന്നു.

ദീർഘമായ ഉറക്കം ബാക്കിനിൽക്കുന്നതുപോലെ തളർന്നതായിരുന്നു അയാളുടെ കണ്ണുകൾ. സാക്ഷികളായി ആരും ഉണ്ടായിരുന്നില്ല. ആന്റപ്പന്റെ വക്കീൽ തികഞ്ഞ ഉത്സാഹത്തിലായിരുന്നു. അയാളുടെ മനസ്സിൽ ഫീസിനു പുറമേ ആന്റപ്പൻ വാഗ്ദാനം ചെയ്ത ഏതാനും പവന്റെ ഒരു സ്വർണ്ണമാലയുമുണ്ടായിരുന്നു. ഒടുവിൽ ആളുകുറഞ്ഞ കോടതിമുറിയിൽ വിരസമായ വാക്കുകളിലൂടെ ആ നിയമയുദ്ധം അവസാനിച്ചു. ആന്റപ്പൻ ആരെയും തലയ്ക്കടിച്ചിട്ടില്ല. ആരുടെയും ഒന്നും മോഷ്ടിച്ചിട്ടുമില്ല.

നാരായണേട്ടനെഒർക്കാപ്പുറത്ത് കണ്ട് ആദ്യമൊന്ന് പതറിയെങ്കിലും പിന്നെ പിടിച്ചുനിൽക്കാനായ ആന്റപ്പൻ തുടക്കത്തിലേ ആരോപണം നിഷേധിക്കുകയാണുണ്ടായത്.

പക്ഷേ, ആ കുഞ്ഞിനെകൊന്നിട്ട് നിനക്കെന്തു കിട്ടിയെടാ എന്ന് വീണ്ടും വീണ്ടുമുള്ള ചോദ്യത്തിനു മുമ്പിൽ അവന് പിടിച്ചുനിൽക്കാനായില്ല. ഒരു പ്രേതത്തിന് സത്യാവസ്ഥ മനസ്സിലാക്കാനുള്ള കഴിവ് കൂടുതലാണെന്ന് അവൻ ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. കാലങ്ങളായി രാത്രിയും പകലും സഞ്ചരിച്ച് ജീവനുള്ളതിനേയും ഇല്ലാത്തതിനേയുമെല്ലാം വെല്ലുവിളിക്കാനുള്ള ധൈര്യം അവൻ നേടിയിരുന്നു. അതുവെച്ചുതന്നെയാണ് അവൻ വിളിച്ചുകൂവിയത്.

'എന്നാ, ഇതിയാനെന്താ കോപ്പെന്നുവെച്ചാ ചെയ്യ്. പോലീസും കോടതീം തോറ്റിടത്ത് നാലു കൊല്ലംമുമ്പ് തൊലഞ്ഞ താനിപ്പോ എന്തോ ഒലത്താനാ.'

തനിക്കൊന്നുമാവില്ലെന്ന് നാരായണേട്ടനറിയാമായിരുന്നു. അയാളുടെ മുറിഞ്ഞ ശിരസ്സിലെ തള്ളിയ കണ്ണുകൾ ഒന്നുകൂടെ ചുവന്നു. ഭൂമിക്കും ആകാശത്തിനുമിടയിൽ തൂങ്ങിനിൽക്കുകയായിരുന്നു അയാളുടെ ശിരസ്സ്. ഒടുവിലൊരു പ്രവചനംപോലെയാ വാക്കുകൾ അടർന്നുവീണു.



'നിന്നോട് ചോദിക്കാൻ ഇന്നാട്ടീ സത്യോം നീതീം ഉള്ളോരുണ്ടാവില്ലേ?'

'സത്യോം നീതീം ഒണ്ടായിരുന്നെങ്കിൽ ആന്റപ്പനൊണ്ടാകുമായിരുന്നില്ല മൂപ്പീന്നേ.' ഇത്രയും പറഞ്ഞ് നീട്ടിത്തുപ്പിയ അവൻ അയാളെ പൂർണ്ണമായും അവഗണിച്ച് വീണ്ടും പാറയുടെ തണുപ്പിലേക്കമർന്നു.

നിസ്സഹായനായ നാരായണേട്ടന്റെ കണ്ണുകളിൽ രണ്ടിറ്റ് കണ്ണുനീർ ഊറിക്കൂടിയത് പാമ്പ് കണ്ടു. അത് വളർന്ന് നാരായണേട്ടനാകെ ഒരു വലിയ കണ്ണുനീർത്തുള്ളിയായി മരച്ചുവട്ടിലേക്കലിഞ്ഞു. കറുത്തിരുണ്ട ഇലകൾ വിരുത്തി അവസാനതുള്ളി വെളിച്ചത്തേയും ചെറുത്ത് മരം ആ തണുപ്പ് കാത്തുവെച്ചതും മരച്ചില്ലകളിൽനിന്ന് മഞ്ഞുതുള്ളികൾ പുഴയിൽ വീണ് കരഞ്ഞതും അത് അത്ഭുതത്തോടെ നോക്കിക്കിടന്നു.

പിറ്റേന്ന് കള്ളൻ ആന്റപ്പൻ മരച്ചുവട്ടിൽ പാമ്പുകടിയേറ്റ് മരിച്ചുകിടക്കുന്നെന്ന വാർത്ത ആദ്യം നാട്ടുകാരോട് പറഞ്ഞത് ഉച്ചക്കുളിക്ക് വന്ന വിലാസിനിയാണ്.

9745464899